# കേരള സർവകലാശാല

നം.പി.ആർ.65/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## മാർക്ക് അപ്‌ലോഡ് – തീയതി നീട്ടി

2018 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം ഡിഗ്രി പരീക്ഷകളുടെ ഓപ്പൺ കോഴ്സ് മാർക്ക് കോളേജുകളിൽ നിന്ന് അപ്‌ലോഡ് ചെയ്യാനുള്ള സമയം മാർച്ച് 29 വരെ നീട്ടിയിരിക്കുന്നു. അപ്‌ലോഡ് ചെയ്തതിനു ശേഷം മാർക്ക്ഷീറ്റുകൾ അതത് ടാബുലേഷൻ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് മാർച്ച് 30 നകം കൈമാറേണ്ടതാണ്.

## പുതുക്കിയ പരീക്ഷാതീയതി

2019 മാർച്ച് 26, 28 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി (ഇന്റഗ്രേറ്റഡ് – പഞ്ചവത്സരം) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഏപ്രിൽ 4, 9 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ച് 25, 27 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.എച്ച്.എം.സി.ടി (2014 സ്കീം & 2011 സ്കീം) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഏപ്രിൽ 8, 10 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി (റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ് – 2011 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും പിഴകൂടാതെ ഏപ്രിൽ 9 വരെയും പിഴയോടെ ഏപ്രിൽ 16 വരെയും അപേക്ഷിക്കാം.

2018 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 5 വരെ അപേക്ഷിക്കാം.

2018 ഒക്ടോബറിൽ യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം നടത്തിയ എം.ഫിൽ ഇക്കണോമിക്സ് (2017 – 18 ബാച്ച്) പരീക്ഷാഫലം വെബ്സൈറ്റിൽ.

## ടൈംടേബിൾ

2019 ഏപ്രിൽ 3 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ (2011 സ്കീം - 2013 & 2014 അഡ്മിഷൻ മാത്രം) സപ്ലിമെന്ററി പരീക്ഷയുടേയും ഏപ്രിൽ 12 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.സി.എ (2011 സ്കീം - 2013 & 2014 അഡ്മിഷൻ മാത്രം) സപ്ലിമെന്ററി പരീക്ഷ യുടേയും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പി.ജി പ്രവേശനം

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേയ്ക്ക് പി.ജി അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 2 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ.

തിരുവനന്തപുരം,
27-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098